2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

121 (127) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി എത്ര തുക അനുവദിച്ചു; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) നടപ്പു സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള പദ്ധതി ചെലവ് വകുപ്പ് അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിച്ചു ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം ഇതുവരെ ഓരോ വകുപ്പിലും വകയിരുത്തപ്പെട്ട തുക എത്ര ; അതിൽ ഇതുവരെ ചെലവായ തുക വകുപ്പ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം ഓരോ ധനാഭ്യർത്ഥനയുടേയും കീഴിൽ വിവിധ വകുപ്പുകൾക്കായി വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി-ഡി) 2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് പദ്ധതി ഇനത്തിൽ വകയിരുത്തിയ തുക, 2015 സെപ്റ്റംബർ വരെയുള്ള ചെലവ്, ആയതിന്റെ ശതമാനത്തിലുള്ള കണക്ക്, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക, 2015 സെപ്റ്റംബർ വരെയുള്ള ചെലവ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധം II ആയി ചേർക്കുന്നു.*

ഓരോ വർഷവും നികുതി പിരിവിൽവന്ന വർദ്ധന

122 (128) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും നികുതി പിരിവിൽ വന്ന വർദ്ധന വർഷം തിരിച്ച് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷവും നികുതിവർദ്ധന പ്രതീക്ഷിച്ചതും യഥാർത്ഥിൽ ലഭിച്ചതും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) നികുതി വർദ്ധന സർക്കാർ പ്രതീക്ഷിച്ചതുപോലെ ലഭിച്ചില്ല എങ്കിൽ ആയതിന് എന്തെല്ലാം കാരണങ്ങളായിരുന്നു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന തനത് നികുതി വിവരം

(തുക കോടി രൂപയിൽ)

വർഷം	പ്രതീക്ഷിച്ച വരുമാനം	ലഭിച്ച വരുമാനം	വർദ്ധനവ് (ശതമാനത്തിൽ)
2011-12	26641.53	25718.60	18
2012-13	32122.21	30076.61	17
2013-14	38771.10	31995.02	6
2014-15	42467.49	35232.50	10

(സി) രജിസ്ട്രേഷൻ വകുപ്പിൽ 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷംവരെ ഓരോ സാമ്പത്തിക വർഷവും ആധാരങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുള്ളതിനാൽ പ്രതീക്ഷിത വരുമാനം ലഭ്യമായിട്ടില്ല കാർഷിക നാണ്യവിളകൾക്കുണ്ടായ വിലയിടിവും റിയൽ എസ്റ്റേറ്റ് മേഖലയിലെ മാന്ദ്യവുമാണ് ആധാരങ്ങളുടെ എണ്ണത്തിൽ കുറവ് വരാൻ കാരണമായത്.

മോട്ടോർ വാഹന വകുപ്പിൽ 2011-12, 2012-13 വർഷങ്ങളിൽ പ്രതീക്ഷിച്ച തിനെക്കാൾ വരുമാനം ലഭിച്ചിട്ടുണ്ട്. എന്നാൽ 2013-14 വർഷത്തിൽ ടാർജറ്റ് 48% വും, 2014-15 വർഷത്തിൽ 21% വർദ്ധിപ്പിച്ചത് ശതമാനക്കണക്കിന് നികുതി വരുമാനം കുറയുന്നതിന് കാരണമായിട്ടുണ്ട്. പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവായതും പ്രതീക്ഷിത വരുമാനം നേടാനാകാത്തതിന് കാരണമായിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 712 എഫ്.എൽ-3 ലൈസൻസുകൾ (ബാറുകൾ) നിർത്തലാക്കിയതും 78 എഫ്.എൽ-1 വിദേശമദ്യ ഔട്ട് ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. 712 എഫ്.എൽ-3 ലൈസൻസുകൾ നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.76 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽനിന്നും ലഭിച്ചിരുന്ന വരുമാനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്.

എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ മുൻവർഷങ്ങളിലെ വിദേശമദ്യ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാനിരക്കിൽ കുറവ് വന്നിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷത്തിനുശേഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻവഴിയുള്ള മദ്യവിൽപ്പനയിൽ കുറവ് വന്നിട്ടുണ്ട്.

വാണിജ്യ നികുതി വകുപ്പിൽ 31-3-2015 വരെയുള്ള കണക്കനുസരിച്ച് റബ്ബറിൽ നിന്നുള്ള വരുമാനത്തിൽ 41% കുറവുണ്ടായിട്ടുണ്ട്. കൂടാതെ റബ്ബറിനെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി ഇനത്തിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽവന്ന കുറവും ബിറ്റുമെൻ, ഫർണസ് ഓയിൽ എന്നിവയുടെ വിൽപ്പനയിൽവന്ന കുറവും കാരണം എണ്ണക്കമ്പനികളിൽ നിന്നും 8% വർദ്ധനവ് മാത്രമാണ് ഉണ്ടായിരുന്നത്.

സ്വർണ്ണത്തിന്റെ നികുതി പിരിവിൽ 3% കുറവ് സംഭവിച്ചിട്ടുണ്ട്. അരി, ഗോതമ്പ്, മൈദ, ആട്ട, സൂജി എന്നിവയെ നികുതിയിൽനിന്നും ഒഴിവാക്കിയതും നികുതി പിരിവ് കുറയുന്നതിനുള്ള ഒരു കാരണമാണ്. ചിക്കന്റെ നികുതിയിനത്തിലും ഉദ്ദേശിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ബാർ ഹോട്ടലുകൾ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിലും വിൽപ്പ നയിൽ വന്ന കുറവുംമൂലം പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. വർക്സ് കോൺട്രാക്ടിന്റെ പിരിവിലും (പ്രധാനമായും പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാരുടേത്) കുറവ് സംഭവിച്ചു.

നികുതിയിനത്തിൽ അടച്ച തുക

123 (129) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06-ൽ വിൽപന നികുതിയിനത്തിൽ സപ്ലൈകോ എത്ര തുകയാണ് സർക്കാരിന് നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly